(ഡി) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഏഴ് മോഡൽ റസിഡന്റ്ഷ്യൽ സ്കൂളുകളിലും വെള്ളായണി അയ്യങ്കാളി മെമ്മോറിയൽ സ്പോർട്സ് സ്കൂളിലും സ്മാർട്ട് ക്ലാസ് റൂമുകൾ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം മൾട്ടിമീഡിയ കമ്പ്യൂട്ടർ, ഡി.എൽ.പി. പ്രൊജക്ടർ, മൾട്ടി മീഡിയ സ്പീക്കർ സിസ്റ്റം, യു.പി.എസ്., ട്രെയിനിംഗ് കിറ്റ് തുടങ്ങിയവ ക്ലാസ്സ് റൂമുകളിൽ സജ്ജീകരിച്ചിട്ടുണ്ട്. ഇതിനായി ഓരോ മോഡൽ റസിഡൻഷ്യൽ സ്കൂളിനും സ്പോർട്സ് സ്കൂളിനും 1,55,421 രൂപാവീതം അനുവദിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള കട്ടേല, ഞാറനീലി, കുളത്തൂപ്പുഴ, വടശ്ശേരിക്കര, ഈരാറ്റുപേട്ട, മൂന്നാർ, ഇടുക്കി, ചാലക്കുടി, അട്ടപ്പാടി, നിലമ്പൂർ, കൽപ്പറ്റ, പൂക്കോട്, നല്ലൂർനാട്, നൂൽപ്പുഴ, കണ്ണൂർ, കാസർഗോഡ് എന്നീ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ കെൽട്രോൺ മുഖേന 2008-09 വർഷം മുതൽ സ്മാർട്ട് ക്ലാസ് സജ്ജീകരിച്ചിട്ടുണ്ട്.

കൺസ്യൂമർ ഫെഡിന്റെ കീഴിൽ ഉത്സവകാലത്ത് പ്രത്യേക ചന്തകളും വിൽപ്പനശാലകളും

14 (*584) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ഉത്സവകാലത്ത് സംസ്ഥാനത്ത് പ്രത്യേക ചന്തകളും വിൽപ്പനശാലകളും നടത്തുന്നതിന് സഹകരണ വകുപ്പിന്റെ കീഴിൽ കൺസ്യൂമർ ഫെഡ് എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയിരുന്നു എന്ന് വിശദീകരിക്കുമോ ;

(ബി) ഇതിനായി സബ്സിഡി ഇനത്തിൽ എന്തു തുകയാണ് കൺസ്യൂമർ ഫെഡിന് നൽകിയത് ;

(സി) ഈ വർഷത്തെ ഉത്സവകാലത്ത് കൺസ്യൂമർ ഫെഡ് എന്തൊക്കെ മാർക്കറ്റ് ഇടപെടലുകളാണ് നടത്താൻ ഉദ്ദേശിക്കുന്നത് ;

(ഡി) ഇതിനായി കൺസ്യൂമർ ഫെഡിന് സബ്സിഡി ഇനത്തിൽ എന്തു തുക മാറ്റിവയ്ക്കണമെന്നാണ് സഹകരണ വകുപ്പ് സർക്കാരിനോടാവശ്യപ്പെട്ടിരിക്കുന്നത് ;

(ഇ) കഴിഞ്ഞ വർഷത്തേക്കാൾ കൂടുതലായി ഈ ഉത്സവ കാലത്ത് ഏതൊക്കെ മേഖലകളിൽ കൂടുതൽ മാർക്കറ്റ് ഇടപെടൽ നടത്താനാണ് ഉദ്ദേശിക്കുന്നത് ?

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) :

(എ) കഴിഞ്ഞ വിഷു, ഓണം, റംസാൻ, ബക്രീദ്, ക്രിസ്തുമസ് എന്നീ ഉത്സവകാലങ്ങളിൽ പ്രത്യേക ചന്തകളും വിൽപ്പനശാലകളും സഹകരണ വകുപ്പിന്റെ കീഴിൽ കൺസ്യൂമർഫെഡ് മുഖേന നടത്തിയിരുന്നു. പ്രസ്തുത വിപണന കേന്ദ്രങ്ങളിലൂടെ കൺസ്യൂമർഫെഡിന്റെ സ്വന്തം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യൂണിറ്റുകളിലൂടെയും സഹകരണ സംഘങ്ങളിലൂടെയും പ്രത്യേക വിപണന കേന്ദ്രങ്ങളിലൂടെയും ഗുണമേൻമയുള്ള നിത്യോപയോഗ സാധനങ്ങൾ മാർക്കറ്റ് വിലയേക്കാൾ 20% മുതൽ 60% വരെ വിലക്കുറവിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(ബി) 2009-10 സാമ്പത്തിക വർഷം കൺസ്യൂമർഫെഡ് നടത്തിയ ഉത്സവകാല ചന്തകൾക്ക് 20 കോടി രൂപ സബ്സിഡി ഇനത്തിൽ കൺസ്യൂമർഫെഡിന് നൽകിയിട്ടുണ്ട്.

(സി) ഈ വർഷത്തെ ഉത്സവകാലത്ത് സഹകരണ ഓണം-റംസാൻ വിപണി അഞ്ച് ഘട്ടങ്ങളിലായി 75 ദിവസം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ജൂലൈ 20 മുതൽ ഒക്ടോബർ 2 വരെ 75 ദിവസം നീണ്ടു നിൽക്കുന്ന വിപണനം നടത്തുന്നതിന് 13 ഇനം നിത്യോപയോഗ സാധനങ്ങൾക്ക് സിവിൽസപ്ലൈസ് കോർപ്പറേഷന് നൽകുന്നതിന് സമാനമായ രീതിയിൽ സബ്സിഡി നൽകണമെന്നും അതിനുപുറമേ ഒന്നാം ഘട്ട പദ്ധതിക്ക് 2 കോടി രൂപയും രണ്ടാംഘട്ട പദ്ധതിക്ക് 16 കോടി രൂപയും മൂന്നാംഘട്ട പദ്ധതിക്ക് 4 കോടി രൂപയും നാലാംഘട്ട പദ്ധതിക്ക് 8 കോടി രൂപയും അഞ്ചാംഘട്ട പദ്ധതി നടപ്പിലാക്കാൻ 5 കോടി രൂപയും ഉൾപ്പെടെ 35 കോടി രൂപ വിവിധയിനം അരിയും ഓണം റംസാൻ വിഭവങ്ങളും ഉൾപ്പെടെ വിൽപ്പന നടത്തുന്നതിനുള്ള പ്രത്യേക സാമ്പത്തിക സഹായമായി അനുവദിക്കുന്നതിനും ആയതിന്റെ ഭാഗമായി നിത്യോപയോഗ സാധനങ്ങൾ മുൻകൂട്ടി സംഭരിക്കാനുള്ള ആവശ്യത്തിലേയ്ക്കായി 20 കോടി രൂപ മുൻകൂറായി അനുവദിക്കണമെന്നും സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്.

(ഇ) അവശ്യ സാധന വിതരണമേള എന്ന പേരിൽ സെപ്തംബർ 11 മുതൽ ഒക്ടോബർ 2 വരെ നീണ്ടുനിൽക്കുന്ന 5000 സഹകരണ വിപണന കേന്ദ്രങ്ങളിലൂടെ 10 ഇനം നിത്യോപയോഗ സാധനങ്ങൾ പൊതുവിപണിയിൽ നിന്നും ശരാശരി 25% വില കുറച്ച് വിൽപ്പന നടത്തുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്.

പാമോയിലിന് അനുവദിച്ചിട്ടുള്ളതുപോലെ വെളിച്ചെണ്ണയ്ക്കും സബ്സിഡി

15 (*585) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. വി. എൻ. വാസവൻ :
ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാമോയിലിന് അനുവദിച്ചിട്ടുള്ളതുപോലെ വെളിച്ചെണ്ണയ്ക്കും സബ്സിഡി അനുവദിക്കുമെന്ന കേന്ദ്രമന്ത്രിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വെളിച്ചെണ്ണയ്ക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ ;